

# സമ്പൂർണ്ണകൃതികൾ: ഭാഗം III

കെ. ദാമോദരൻ



## 1. സാമൂഹ്യ പരിവർത്തനങ്ങൾ

സമ്പൂർണ്ണകൃതികൾ: ഭാഗം III

കെ. ദാമോദരൻ

(മലയാളം: രാഷ്ട്രീയം, ചരിത്രം)

കെ. ദാമോദരൻ എഡിറ്റോറിയൽ കമ്മിറ്റി

- ആന്റണി തോമസ്
- സി. എൻ. ജയദേവൻ
- എം. പി. അച്യുതൻ
- ഐ. വി. ശശാങ്കൻ
- ഡോ. വള്ളിക്കാവ് മോഹൻദാസ്

© 2009–2020 Prabhatham Printing & Publishing Co. (P) Ltd., Trivandrum, owned by Communist Party of India, Trivandrum.

Printed editions published by Prabhatham Printing & Publishing Co. (P) Ltd.

First published in print media 2009.

The electronic versions are released under the provisions of Creative Commons Attribution By Share Alike license for free download and usage.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020. The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

Cover: Mansu Hill Grand Monument, a picture of sculpture by Jennybento. The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# ഉള്ളടക്കം


1 സാമൂഹ്യ പരിവർത്തനങ്ങൾ . . . . . . . . . . . . . . 1
1 മാർക്സിയൻ വീക്ഷണ സമ്പ്രദായം . . 2
2 മനുഷ്യന്റെ ഉത്ഭവം . . . . . . . . . . 3
3 മനുഷ്യചരിത്രത്തിലെ മൂന്ന് കാലഘട്ടങ്ങൾ . . . . . . . . . . . . . 4
4 പ്രാചീന കമ്മ്യൂണിസം . . . . . . . . . 5
5 പുതിയ ജീവിതോപകരണങ്ങൾ . . . 6
6 അമേരിക്കയിൽ . . . . . . . . . . . . 7
7 ഏഷ്യയിൽ . . . . . . . . . . . . . . 8
8 സ്വകാര്യ സ്വത്തുടമ സമ്പ്രദായം രംഗപ്രവേശം ചെയ്യുന്നു. . . . . . . . . . . . . . 9
9 നിയമവും നീതിയും . . . . . . . . . . 10
10 വൈരുദ്ധ്യങ്ങൾ തലപൊക്കുന്നു! . . . 11
11 അടിമത്ത സമ്പ്രദായം . . . . . . . . . 12
12 സംസ്കാരവും സാഹിത്യവും . . . . . . 13
13 അടിമത്തവ്യവസ്ഥ തകരുന്നു . . . . 14
14 പ്രഭുക്കന്മാരും ‘സെർഫുകളും’ . . . . 15
15 പട്ടണവും എസ്റ്റേറ്റും തമ്മിൽ ലഹള . 16
16 മുതലാളിത്തത്തിന്റെ അടിസ്ഥാനം . . 17
17 മുതലാളിത്തത്തിന്റെ അനന്തരഫലം . 18
18 തൊഴിലാളി — ഒരു പുതിയ ശക്തി . . 19
19 മുതലാളിത്തം ഇന്ത്യയിൽ . . . . . . . 20
20 ഇന്ത്യൻ സ്വാതന്ത്ര്യ സമരം . . . . . . . 21

# 1

# സാമൂഹ്യ പരിവർത്തനങ്ങൾ

## 1 മാർക്സിയൻ വീക്ഷണ സമ്പ്രദായം

മനുഷ്യസമുദായം എല്ലായ്പ്പോഴും മാറിമാറിക്കൊണ്ടിരിക്കുന്നതിന്റെ കാരണമെന്താണ്? പ്രാചീനകാലത്തെ ഗോത്രസമുദായഘടന നശിച്ച് അതിന്റെ സ്ഥാനത്തു മുതലാളിത്തവ്യവസ്ഥ ആവിർഭവിക്കുവാനും പിന്നീട് നാടുവാഴി പ്രഭുത്വം ക്ഷയിച്ച് അതിന്റെ സ്ഥാനത്ത് മുതലാളിത്തവ്യവസ്ഥ വന്നുചേരുവാനും കാരണമെന്താണ്? ചരിത്രംതന്നെ വികസിച്ച് വികസിച്ച് വരുവാൻ എന്താണ് കാരണം? ഈ ചോദ്യങ്ങൾക്ക് തീർച്ചയായും ഒരടിസ്ഥാനമുണ്ട്. ചരിത്രത്തിന്റെ പുരോഗതിയുടെ പിന്നിൽ തീർച്ചയായും ചില നിശ്ചിതനിയമങ്ങളുണ്ടായിരിക്കണം. ഈ നിയമങ്ങളെ വ്യക്തമാക്കുവാൻ മാർക്സിസത്തിന്നല്ലാതെ മറ്റു യാതൊരു ശാസ്ത്രത്തിനും ഇന്നേവരെ സാധിച്ചിട്ടില്ല. ‘ചാൾസ്ഡാർവിൻ’ വികാസവാദത്തെ വിശകലനം ചെയ്തു വിസ്തരിച്ചു. മനസ്സിലാക്കാൻ കഴിയാത്തതെന്തും യാതൊരെത്തുംപിടിയുമില്ലാത്ത ഒരജ്ഞാത ശക്തിയുടെ ലീലാവിശേഷണമാണെന്നുള്ള മതസംബന്ധിയായ അന്ധവിശ്വാസത്തെ അദ്ദേഹം പിച്ചിച്ചീന്തി. പിന്നീട് ‘ലൂയിമോർഗൻ’ പ്രാചീനസാമൂഹ്യഘടനയുടെ നേർക്ക് കൂടുതൽ വെളിച്ചം കാണിച്ചുതന്നു. അതോടുകൂടി സാമൂഹ്യബന്ധത്തിന്റെ മതപരമായ വ്യാഖ്യാനങ്ങൾ തകർന്നുപോയി. ഒരൊന്നാംതരം തത്വജ്ഞാനിയും ചിന്തകനുമായിരുന്ന ‘ഹേഗൽ’ മനുഷ്യസമുദായം ചില പ്രത്യേകകാരണങ്ങളാൽ ക്രമപ്രവൃദ്ധമായി വികസിച്ച് വരികയാണെന്ന് വാദിച്ചു. അദ്ദേഹത്തിന്റെ കയ്യിൽ ചരിത്രം ഒരു ‘സയൻസാ’യിത്തീർന്നു. എന്നാൽ ഏതെല്ലാം കാരണങ്ങൾകൊണ്ടാണ് മനുഷ്യസമുദായം വികസിപ്പിക്കുന്നത് എന്ന് വേണ്ടവിധം വ്യക്തമാക്കുവാനദ്ദേഹത്തിനു സാധിച്ചില്ല. കാരണം, മനുഷ്യസമുദായം ആത്മാവിന്റെ അല്ലെങ്കിൽ ആശയത്തിന്റെ ഒരു പ്രതിഫലനം മാത്രമാണെന്നായിരുന്നു അദ്ദേഹത്തിന്റെ വിശ്വാസം. സാമ്പത്തികമായ കാരണങ്ങളാലാണ് സമുദായം വികസിക്കുന്നത് എന്നും ചരിത്രം തന്നെ ഭൗതികങ്ങളായ കാരണങ്ങളാലാണ് മുന്നോട്ടു പോകുന്നത് എന്നും വ്യക്തമാക്കിയത് ‘മാർക്സും’ അദ്ദേഹത്തിന്റെ സഹപ്രവർത്തകനായ ‘ഏംഗെൽസു’മാണ്. ‘തത്വശാസ്ത്രത്തിന്റെ ദാരിദ്ര്യം’ എന്ന തന്റെ പുസ്തകത്തിൽ ‘മാർക്സ്’ പറയുന്നതു നോക്കുക.

“സാമൂഹ്യബന്ധങ്ങൾ സമുദായത്തിലെ ഉല്പാദനശക്തിയെ ആശ്രയിച്ചാണിരിക്കുന്നത്. പുതിയ ഉല്പാദനശക്തികൾ കൈവരുമ്പോഴെല്ലാം ജനങ്ങൾ തങ്ങളുടെ ഉല്പാദനരീതിയിലും മാറ്റം വരുത്തുന്നു. ഉല്പാദനരീതിയിലു മാറ്റം വരുമ്പോൾ ജീവിതരീതിയിലു തന്നെയും മാറ്റം വരുന്നു. അതോടുകൂടി എല്ലാ സാമൂഹ്യബന്ധങ്ങൾക്കും പരിവർത്തന മുണ്ടായിത്തീരുന്നു. കുടിൽവ്യവസായങ്ങൾ നമുക്ക നാടുവാഴി പ്രഭുക്കളോടുകൂടിയ ഒരു സമുദായത്തെ തരുന്നു. ആ ശക്തിയുപയോഗിക്കുന്ന മില്ലുകളും ഫാക്ടറികളും വ്യാവസായികമുതലാളികളോടുകൂടിയ മറ്റൊരു സമുദായത്തെയാണ് തരുന്നത്......“

ഇങ്ങിനെ ശാസ്ത്രീയസോഷ്യലിസത്തിന്റെ ആചാര്യനായ ‘കാറൽ മാർക്സ്’ ചരിത്രത്തിനു ശാസ്ത്രീയമായ ഒരു വ്യാഖ്യാനം നൽകി. . ഈ വ്യാഖ്യാനം ‘ചരിത്രത്തിന്റെ ഭൗതികവ്യാഖ്യാനം’ എന്ന പേരിലാണറിയപ്പെടുന്നത്. സമുദായത്തിലെ ഉല്പാദന വിതരണങ്ങളുടെ രീതിയാണ് മനുഷ്യന്റെ സാമൂഹ്യവും രാഷ്ട്രീയവും ആദ്ധ്യാത്മികവുമായ ജീവിതത്തെ നിർണ്ണയിക്കുന്നത് എന്ന് വിശദമാക്കുകയാണ് ഈ വ്യാഖ്യാനം ചെയ്യുന്നത്.

## 2 മനുഷ്യന്റെ ഉത്ഭവം

മൃഗത്തിൽനിന്ന് വികാസത്തിന്റെ അനേകം അത്ഭുത ഘട്ടങ്ങളെ തരണം ചെയ്തുകൊണ്ടാണല്ലോ മനുഷ്യൻ ഉണ്ടായിട്ടുള്ളത്. മൃഗങ്ങൾ തങ്ങളുടെ ശരീരത്തിലുള്ള അവയവങ്ങളെ ആശ്രയിച്ചു ജീവിക്കുന്നു. ഭക്ഷണം സമ്പാദിക്കുവാൻ നഖം, പല്ല് എന്നീ ആയുധങ്ങൾ മാത്രമാണ് അവയുപയോഗിക്കുന്നത്. തണുപ്പിൽനിന്നു രക്ഷപ്പെടുവാൻ ശരീരത്തിലുള്ള രോമത്തെ ആശ്രയിക്കണം. എന്നാൽ മനുഷ്യനാകട്ടെ, സ്വന്തം ശരീരത്തിലെ അവയവങ്ങൾകൊണ്ട് മാത്രം തൃപ്തിപ്പെടുന്നില്ല. അവൻ പ്രകൃതിയോടു മല്ലിടുവാൻ പഠിയ്ക്കുന്നു. സ്വന്തം അവയവയങ്ങൾക്ക് പുറമെ, ജീവിതസമരത്തിനു പറ്റിയ ആയുധസാമഗ്രികൾ ഉണ്ടാക്കുവാൻ പഠിച്ച ഒരു മൃഗമാണ് പ്രാചീനമനുഷ്യൻ . 'പല്ലിന്നു പകരം കല്ല്', നഖങ്ങൾക്കു പകരം അമ്പും വില്ലും, രോമത്തിന്നു പകരം ഇലയും തോലും. വേറൊരു വിധത്തിൽ പറയുകയാണെങ്കിൽ ജീവിതസമരത്തിനു സ്വന്തം ശരീരത്തിലെ അവയവങ്ങളുപയോഗിക്കുന്നതിന്നുപകരം പ്രകൃതിയെ ജയിയ്ക്കാനുള്ള സമരമാരംഭിച്ച ആ സവിശേഷമായ കാലഘട്ടത്തിലാണ് മനുഷ്യസമുദായത്തിന്റെ ഉത്ഭവം. നിലവിലുള്ള പ്രകൃതിവിഭവങ്ങളിൽ പ്രയത്നം ചെലുത്തി പുതിയൊരു സാധനം നിർമ്മിയ്ക്കുവാനുള്ള പരിശ്രമത്തോടുകൂടിയാണ് മനുഷ്യസമുദായം ആരംഭിയ്ക്കുന്നത്. ഉല്പാദിപ്പിക്കുവാനുള്ള ശക്തിയാണു മനുഷ്യനെ മൃഗത്തിൽനിന്ന് വേർതിരിച്ചുനിർത്തുന്നത്. ഉല്പാദനത്തിനുവേണ്ടി മനുഷ്യപ്രയത്നത്തെ ഉപയോഗിക്കുന്ന സമ്പ്രദായമാണ് സാമൂഹ്യഘടനയുടെ അടിസ്ഥാനം.

# 3 മനുഷ്യചരിത്രത്തിലെ മൂന്ന് കാലഘട്ടങ്ങൾ

ഉല്പാദനരീതിയനുസരിച്ച 'ലൂയിമോർഗൽ' ചരിത്രത്തെ കാടന്മാരുടെ കാലം, അപരിഷ്കൃതകാലം, പരിഷ്കൃതകാലം ഇങ്ങിനെ മൂന്നായി തരം തിരിച്ചിരിക്കുന്നു. ഈ മൂന്ന് കാലഘട്ടങ്ങളിൽ രണ്ടെണ്ണത്തെപ്പറ്റി ആവശ്യമുള്ളത്ര അദ്ധ്യയനം നടത്തിയതിന് ശേഷം മനുഷ്യനെ ഒരോ ഘട്ടത്തിലും പരിഷ്കൃതനും സംസ്കൃതനുമാക്കിയതു ഉല്പാദനരീതിയിൽ അപ്പപ്പോൾ ഉണ്ടായിത്തീർന്ന പരിവർത്തനങ്ങളാണെന്ന് അദ്ദേഹം തെളിയിക്കുന്നു.

മനുഷ്യൻ ഭൂമദ്ധ്യരേഖയിലും അതിന്റെ സമീപപ്രദേശങ്ങളിലുള്ള കാടുകളിലും പഴങ്ങളും കായ്കനികളും തിന്നുകൊണ്ട് കഴിച്ചുകൂട്ടിയിരുന്ന ആ അതിപ്രാചീനമായ കാലത്തെയാണ് കാടന്മാരുടെ കാലം എന്ന് പറയുന്നത്. ഉല്പാദന വ്യവസ്ഥ അക്കാലത്ത് തീരെ അപരിഷ്കൃതമായിരുന്നു. സ്ത്രീപുരുഷബന്ധവും കുടുംബജീവിതവും വളരെ ശിഥിലമായിരുന്നു. ഇന്നത്തെപ്പോലെയുള്ള വിവാഹജീവിതമോ ഭാര്യാഭർത്തൃ ബന്ധമോ അന്നുണ്ടായിരുന്നില്ല. ഒരു പുരുഷനു ഒരു പ്രത്യേകമായ ഭാര്യ, ഒരു സ്ത്രീക്കു ഒരു പ്രത്യേകമായ ഭർത്താവ് — ഈ സമ്പ്രദായം നടപ്പുണ്ടായിരുന്നില്ല. ഏകപത്നീവ്രതവും ഏകപതീവ്രതവും അജ്ഞാതങ്ങളായിരുന്നു. സഹോദരീ സഹോദരന്മാർ തമ്മിലും ജ്യേഷ്ഠനും അനുജന്റെ ഭാര്യയും തമ്മിലുമുള്ള ലൈംഗികബന്ധം നിഷിദ്ധമായിരുന്നില്ല. അച്ഛനും മകളും തമ്മിലും അമ്മയും മകനും തമ്മിലും ഉള്ള വിവാഹങ്ങളും സുലഭമായിരുന്നു. ബഹരിങ്ങിലെ സമൂജാതിയിലും മധ്യപ്രദേശത്തെ കേവിയർ ജാതിയിലും അലാസ്കയിലെ കേഡിയൽജാതിയിലും വടക്കെ അമേരിക്കയിലെ ടീനെജാതിയിലും ഈ വിചിത്രമായ സമ്പ്രദായം ഇപ്പോഴും നിലവിലുണ്ടത്രെ. തെക്കേ അമേരിക്കയിലെ ചിലിയിലും, ഇൻഡോചൈനയിലും അതുപോലെയുള്ള മറ്റു ചില പ്രദേശങ്ങളിലും ഇത്തരം വൈവാഹിക ബന്ധങ്ങൾ ഇന്ന് ദുർല്ലഭമല്ലെന്ന് പറയപ്പെടുന്നു. ജ്യേഷ്ഠന്റെ പുത്രിയെ വിവാഹം കഴിക്കുന്ന സമ്പ്രദായം മലബാറിലെ മരുമക്കത്തായക്കാരുടെ ഇടയിൽ ഇന്നും നടപ്പുണ്ടെന്നുള്ളത് എല്ലാവർക്കും അറിവുള്ള കാര്യമാണല്ലോ. തമിഴ് നാട്ടിലെ ചില പ്രദേശങ്ങളിലും മലബാറിൽത്തന്നെയുള്ള ചിലരുടെ ഇടയിലും സഹോദരിയുടെ മകളെ വിവാഹം കഴിക്കുന്ന സമ്പ്രദായം നടപ്പുണ്ട്. ജ്യേഷ്ഠനും അനുജനുംകൂടി ഒരേ ഭാര്യയെ വെച്ചുകൊണ്ടിരിക്കുന്ന സമ്പ്രദായവും മലബാറിലെ ചിലജാതിക്കാരുടെ ഇടയിൽ കണ്ടുവരുന്നുണ്ട്. ഗ്രീക്ക്, പേർസ്യൻ, തുർക്കി മുതലായ ഭാഷകളിൽ ഇത്തരം വൈവാഹിക ബന്ധങ്ങളെ വിവരിക്കുന്ന കഥകൾക്കറ്റമില്ലത്രെ. ഇതെല്ലാം ആ അതിപ്രാചീനമായ കാലത്തെ സദാചാരത്തിന്റേയും സ്ത്രീ പുരുഷബന്ധത്തിന്റേയും അവശിഷ്ടങ്ങളാണെന്ന് വിചാരിക്കുന്നതിൽ തെറ്റുണ്ടെന്നു തോന്നുന്നില്ല. ഇങ്ങിനെ മനുഷ്യ സമുദായത്തിന്റെ ആരംഭകാലത്തു, സമഷ്ടിവാദപരമായ ഉൽപാദനരീതി നടപ്പുണ്ടായിരുന്ന ആദിമകാലത്ത്, സ്ത്രീ പുരുഷബന്ധം സ്വച്ഛന്ദവും അനിയന്ത്രിതവുമായിരുന്നുവെന്ന് മനസ്സിലാക്കാവുന്നതാണ്.

## 4 പ്രാചീന കമ്മ്യൂണിസം

അക്കാലത്തെ സാമുദായികവും സാമ്പത്തികവുമായ വ്യവസ്ഥ സ്തുത്യർഹമായിരുന്നു. രാജാവില്ല, കോടതിയില്ല, പോലീസ്സില്ല, പട്ടാളമില്ല, ജെയിലില്ല, തൂക്കുമരമില്ല. എന്നിട്ടും നാടെങ്ങും സമാധാനം വ്യാപിച്ചിരുന്നു. അടിമത്തത്തിന്റെ പേരുപോലും ഉണ്ടായിരുന്നില്ല. ഉൽപ്പാദനങ്ങൾ എല്ലാവർക്കും ആവശ്യാനുസരണം ലഭിച്ചിരുന്നു. എല്ലാവരും സ്വതന്ത്രരും സമാനരുമായിരുന്നു. ഈ കാലത്തെയാണ് 'പ്രാചീന കമ്മ്യൂണിസ്റ്റ് സമുദായം' എന്നു പറയുന്നത്.

## 5 പുതിയ ജീവിതോപകരണങ്ങൾ

പരിഷ്കൃതയുഗത്തിന്റെ ആദ്യഘട്ടംവരെ ഉൽപ്പാദന രീതിയിൽ യാതൊരു വൈരുദ്ധ്യവുമുണ്ടായിരുന്നില്ല. അതിനിടയ്ക്കു മനുഷ്യൻ തീയിന്റെ ഉപയോഗം മനസ്സിലായിക്കഴിഞ്ഞിരുന്നു. നദികളുടെ വക്കത്തു താമസിച്ചുകൊണ്ട് മത്സ്യം പിടിക്കുവാനും കല്ലിനെ അസ്ത്രമാക്കിയുപയോഗിച്ചു മൃഗങ്ങളെ വേട്ടയാടുവാനും അവൻ ശീലിച്ചുകഴിഞ്ഞിരുന്നു. ക്രമത്തിൽ ക്രമത്തിൽ അമ്പും വില്ലും അവന്റെ ആയുധമായിത്തീർന്നു. അതോടുകൂടി ഉൽപ്പാദനശക്തിയിൽ വ്യത്യാസം കാണപ്പെട്ടു. ഉൽപ്പാദനശക്തിയുടെ വികാസം സാമൂഹ്യജീവിതത്തിൽ വമ്പിച്ച പരിവർത്തനങ്ങളുണ്ടാക്കി. ഗ്രാമങ്ങളിൽ പാർപ്പിടമുറപ്പിക്കുവാനും മരംകൊണ്ടു വീടും പാത്രവും നിർമ്മിക്കുവാനും മനുഷ്യൻ പഠിച്ചു. അപരിഷ്കൃതയുഗത്തിന്റെ ആദ്യഘട്ടത്തിൽത്തന്നെ മൺപാത്രം നിർമ്മിക്കപ്പെട്ടു കഴിഞ്ഞിരുന്നു. മരപ്പാത്രത്തിൽ നിന്നു മൺപാത്രത്തിലേയ്ക്കുള്ള വികാസത്തെപ്പറ്റി 'എംഗെൽസ്' ഇപ്രകാരം എഴുതുന്നു:

"മരപ്പാത്രം തീപിടിക്കുവാനെളുപ്പമാണ്; തീയ്യിൽ നിന്നു കാത്തുരക്ഷിക്കുവാൻവേണ്ടി മരപ്പാത്രത്തിന്റെ പുറത്ത് മണ്ണുതേച്ചു പിടിപ്പിക്കേണ്ടത് ആവശ്യമായിവന്നു. കുറച്ചു കാലത്തിനുള്ളിൽ തനി മണ്ണുകൊണ്ടുള്ള പാത്രവും നിർമ്മിക്കപ്പെടുവാൻ തുടങ്ങി. ഇങ്ങിനെയാണ് മൺപാത്രം ഉത്ഭവിച്ചത്."

# 6 അമേരിക്കയിൽ

നവീനലോകം എന്ന പേരിൽ അറിയപ്പെടുന്ന അമേരിക്കയും പ്രാചീനലോകം എന്നറിയപ്പെടുന്ന ഏഷ്യ, യൂറോപ്പ് എന്നീ വൻകരകളും തമ്മിലുള്ള നൈസർഗ്ഗികമായ വ്യത്യാസം ഉൽപ്പാദനരീതിയിലും വ്യത്യാസങ്ങളുണ്ടാക്കിത്തീർത്തു. പ്രാചീനലോകത്തിൽ എല്ലാതരത്തിലുള്ള നാട്ടുമൃഗങ്ങളും നാനാതരത്തിലുള്ള ധാന്യങ്ങളും ധാരാളം കിട്ടിയിരുന്നു. അമേരിക്കയിലാവട്ടെ 'ലാമ' എന്ന ഒരൊറ്റനാട്ടുമൃഗം മാത്രമെ ഉണ്ടായിരുന്നുള്ളൂ. ധാന്യങ്ങളും വളരെ കുറവായിരുന്നു. അതിനാൽ രണ്ടു ലോകങ്ങളിലേയും ജീവിതരീതികൾ വ്യത്യസ്തങ്ങളായിത്തീർന്നു. അക്കാലത്ത് അമേരിക്കയിലെ നിവാസികളുടെയിടയിൽ അനേകം സംഘ (Tribes) ങ്ങളുണ്ടായിരുന്നു. ഓരോ സംഘത്തിനും താമസിക്കുവാനുള്ള സ്ഥലം നിശ്ചിതമായിരുന്നു. രണ്ടു സംഘങ്ങളുടെ ഇടയിൽ ഓരോ കാടുണ്ടായിരിക്കും. ഓരോ സംഘത്തിനും ആ കാടുകളിലുള്ള അധികാരം സമമായിരുന്നു. അവിടെച്ചെന്നു വേട്ടയാടുവാൻ എല്ലാവർക്കും ഒരുപോലെ അധികാരമുണ്ടായിരുന്നു. പുരുഷന്മാർ വേട്ടയാടും, മത്സ്യം പിടിക്കും, ഭക്ഷണസാമഗ്രികൾ കൊണ്ടുവരും; സ്ത്രീകൾ ഭക്ഷണമുണ്ടാക്കും, വസ്ത്രം നെയ്യും. സമുദായത്തിന്റെ രൂപം സമഷ്ടിവാദപരമായിരുന്നു.

# 7 ഏഷ്യയിൽ

ഏഷ്യയിൽ പശു, എരുമ തുടങ്ങിയ നാട്ടുമൃഗങ്ങൾ സുലഭമായിരുന്നു. ഈ മൃഗങ്ങളെ ആദ്യമായി കാടുകളിൽനിന്നു പിടിച്ചുകൊണ്ടു വരികയാണ് ചെയ്തിരുന്നത്. ഇവയുടെ പാൽ ഏറ്റവും ഉപയോഗകരമാണെന്നു മനുഷ്യൻ കണ്ടുപിടിച്ചു. അതോടുകൂടി നാട്ടുമൃഗങ്ങളെ പോറ്റി വളർത്തുന്ന സമ്പ്രദായം പരക്കാൻ തുടങ്ങി. പാലിനുപുറമെ മാംസം, തോൽ, രോമം, മുതലായവയും ലാഭകരമാണെന്നു ജനങ്ങൾ മനസ്സിലാക്കി. ക്രമേണ ഭക്ഷണസാമഗ്രികളും ആവശ്യമുള്ള മറ്റു സാധനങ്ങളും അവർ പരസ്പരം വിനിമയം ചെയ്യുവാൻ തുടങ്ങി. വിനിമയത്തോടൊപ്പം വ്യാപാരവും വർധിച്ചു. ഉറുപ്പിക, അണ, പൈയുടെ സ്ഥാനം കന്നുകാലികളാണ് നിർവഹിച്ചിരുന്നത്. നദിയുടെ താഴ്‌വാരങ്ങളിലും പച്ചമൈതാനങ്ങളിലും ധാന്യങ്ങൾ കൃഷിചെയ്യുവാൻ തുടങ്ങി. പക്ഷേ, അതെല്ലാം സമ്പാദിക്കാനല്ല, ഉപയോഗത്തിനുള്ളതായിരുന്നു. അക്കാലത്തെ വ്യവസായത്തിന്റെ വികാസത്തിന് സഹായിച്ചിട്ടുള്ള സാമഗ്രികൾ നെയ്ത്തു തറികളും ചെമ്പ്, ടിൻ, പിത്തല മുതലായവകൊണ്ടുള്ള ഉപകരണങ്ങളും പ്രത്യേകം പ്രസ്താവയോഗ്യമാണ്. പിത്തലകൊണ്ടുള്ള ആയുധങ്ങൾക്കു കല്ലുകൊണ്ടുള്ള അപരിഷ്കൃതങ്ങളായ ആയുധങ്ങളുടെ സ്ഥാനം ഏറ്റെടുക്കുവാൻ സാധിച്ചില്ല. ഇരുമ്പിന്റെ ഉപയോഗം അന്നു അജ്ഞാതമായിരുന്നു. പക്ഷേ, സ്വർണവും വെള്ളിയും ആഭരണങ്ങളായി ഉപയോഗിക്കപ്പെടുവാൻ തുടങ്ങിയിരുന്നു. കൂട്ടായി ജീവിക്കുവാൻ കാടന്മാരുടെ കാലത്തുതന്നെ ആരംഭിക്കുന്നുവെങ്കിലും മനുഷ്യൻ കൃഷി ചെയ്യുവാൻ പഠിച്ചതിനുശേഷം മാത്രമേ വാസ്തവത്തിൽ മനുഷ്യസമുദായം അടിയുറയ്ക്കുന്നുള്ളൂ. മുകളിൽ പറഞ്ഞതു പോലെ എല്ലാവരുംകൂടി പ്രയത്നിച്ചു കൃഷിചെയ്യുന്നതിന്റെ ഫലം, എല്ലാവർക്കും അനുഭവിക്കാനുള്ളതാണ്. ‘എന്റേതു’ ‘നിന്റേതു’ എന്ന അവകാശവാദങ്ങൾ അന്നു അറിയപ്പെട്ടിരുന്നില്ല.

# 8 സ്വകാര്യ സ്വത്തുടമ സമ്പ്രദായം രംഗപ്രവേശം ചെയ്യുന്നു.

കൂട്ടായ ജീവിതം മനുഷ്യപ്രയത്നത്തിന്റെ ഉൽപ്പാദനശക്തി വർദ്ധിപ്പിക്കുന്നു. അപ്പോൾ പുതിയ പുതിയ ഉൽപ്പാദന സാമഗ്രികൾ കണ്ടുപിടിക്കാൻ തുടങ്ങുന്നു. ഉൽപ്പാദന സാമഗ്രികൾ കണ്ടുപിടിക്കുന്നവർ അവയെ സ്വന്തമായി മറ്റുള്ളവരുടെ സഹായമവലംബിക്കാതെ, ഉപയോഗിക്കുകയാണ് ചെയ്യുന്നത്. ഇങ്ങിനെ പ്രാചീന സ്വത്തുടമ സമ്പ്രദായം ഉത്ഭവിച്ചു.

# 9 നിയമവും നീതിയും

കാലക്രമത്തിൽ സമുദായത്തിന് ഒരു പൊതുതാൽപര്യം ഇല്ലാതായിത്തീർന്നു. അപ്പോൾ വിഭിന്നതാൽപര്യങ്ങളുള്ള മനുഷ്യരുടെ പരസ്പരബന്ധത്തെ നിയന്ത്രിക്കുവാൻ ചില നിയമങ്ങൾ ആവശ്യമായി. പക്ഷേ, നിയമമുണ്ടാക്കാൻ ഒരധികാര ശക്തിവേണം. മനുഷ്യാതീതമായ ഒരധികാര ശക്തിയെ അടിസ്ഥാനപ്പെടുത്തി നിലനിൽക്കുന്ന മതചിന്തകൾ ആവശ്യമായ അധികാരശക്തിയെ എളുപ്പത്തിൽ മുന്നോട്ടു കൊണ്ടുവന്നു. പ്രാചീന കാലത്തെ എല്ലാ നിയമനിർമാതാക്കളും മനുഷ്യാതീതമായ ആ അജ്ഞാതശക്തിയുടെ പിൻബലത്തോടുകൂടി ജനങ്ങൾക്കു പ്രവചനങ്ങളും ഉപദേശങ്ങളും നൽകിയിരുന്നവരാണ്. സൂര്യൻ, ചന്ദ്രൻ, ഇടി, മിന്നൽ, മഴ, തീയ് എന്നിവയെപ്പറ്റി ജനങ്ങൾക്കുണ്ടായിരുന്ന അനുകമ്പാർഹമായ അജ്ഞത ആ മഹാത്മാക്കൾക്കു ദിവ്യത്വം പ്രദാനം ചെയ്തു. മനസ്സിലാക്കാൻ സാധിക്കാത്ത എല്ലാ കാര്യങ്ങളും അവർ സർവ്വശക്തനും സർവ്വജ്ഞനും സർവ്വാന്തര്യാമിയും സച്ചിദാനന്ദസ്വരൂപനും മറ്റും മറ്റുമായ ആ അജ്ഞാതശക്തിയിൽ സമർപ്പിക്കുന്നു. ഈശ്വരൻ ഭൂമിയെ സൃഷ്ടിച്ചു, സൂര്യചന്ദ്രൻമാരെ സൃഷ്ടിച്ചു, ഈശ്വരൻ ഈ കാണുന്ന എല്ലാവരെയും എല്ലാത്തിനെയും സൃഷ്ടിച്ചു. ഇടിവെട്ടുന്നത് ഈശ്വര ശക്തികൊണ്ട്, കാറ്റടിക്കുന്നത് ഈശ്വരശക്തികൊണ്ട് – എല്ലാം ഈശ്വരമയം! ഈശ്വരന്റെ അധികാരശക്തിയെ രക്ഷാകവചമാക്കികൊണ്ടാണ് സദാചാരനിയമങ്ങളും സാമുദായികബന്ധങ്ങളും നിലനിന്നുപോയത്. പക്ഷേ, എല്ലാ നിയമങ്ങളുടെയും ഉദ്ദേശം ഭൗതികമായിരുന്നു, ഇഹലോക സംബന്ധിയായിരുന്നു എന്ന വാസ്തവം വിസ്മരിക്കരുത്. സ്വകാര്യസ്വത്ത് ഉത്ഭവിച്ചു കഴിഞ്ഞ ആ സമുദായത്തിന്റെ ഘടനയെ കേട്ടുപാടുകൾ കൂടാതെ കാത്തുരക്ഷിക്കുകയും സ്വകാര്യസ്വത്തിന്റെ ഉടമസ്ഥന്മാരെ ഭരണം നടത്തുന്ന വർഗ്ഗക്കാരായി പ്രഖ്യാപനം ചെയ്യുകയുമായിരുന്നു എല്ലാ നിയമങ്ങളുടെയും ആന്തരമായ ഉദ്ദേശ്യം.

## 10 വൈരുദ്ധ്യങ്ങൾ തലപൊക്കുന്നു!

ക്രമേണ സ്വകാര്യസ്വത്തുടമസമ്പ്രദായം നിലങ്ങളിലേയ്ക്കു വ്യാപിച്ചു. സ്വന്തമായ് ഉണ്ടാക്കിയ ഉൽപാദന സാമഗ്രികൾ സ്വകാര്യസ്വത്താകയാൽ ആ സ്വകാര്യസ്വത്തുകൊണ്ട് കൃഷിചെയ്തുണ്ടാക്കിയ സാധനങ്ങളും സ്വകാര്യസ്വത്തായിത്തീർന്നു. ഒടുവിൽ ഇങ്ങനെ കൃഷിചെയ്യാനുപയോഗിക്കുന്ന നിലവും, എല്ലാ പ്രായോഗികകാര്യങ്ങൾക്കും കൃഷിചെയ്യുന്നവന്റേതായിത്തീരുന്നു. നിലത്തിന്മേലുള്ള പൊതുവുടമാവകാശം നശിക്കുന്നു. പ്രാചീന കമ്മ്യൂണിസ്റ്റ് സമുദായം അനവധി ഗോത്രങ്ങളായി തരംതിരിയുന്നു. നിലത്തിന്മേലുള്ള അവകാശം മുഴുവനും ഗോത്രത്തിന്റെ പ്രധാനികളുടെ കയ്യിൽ എത്തിച്ചേരുന്നു. ഈ ഗോത്രവ്യവസ്ഥയെ അടിസ്ഥാനമാക്കിയ അന്നത്തെ സമുദായഘടനയിലെ സ്ഥാപിതതാൽപര്യക്കാരെ സംരക്ഷിക്കുവാൻവേണ്ടി, അവരുടെയിടയിൽ നിന്ന് തന്നെ എല്ലാ പ്രജകളിൽ നിന്നും ഉയർന്നു നിൽക്കുന്നുണ്ടെന്നഭിമാനിക്കുന്ന ഒരു ഭരണാധികാരി — ദിവ്യവും ദൈവദത്തവുമായ അധികാരം തനിക്കുണ്ടെന്നുനടിക്കുന്ന ഒരു രാജാവ് ഉണ്ടായിത്തീർന്നു. ഇങ്ങിനെ സമുദായം പരസ്പരശത്രുക്കളായ രണ്ടു വർഗ്ഗങ്ങളായി വിഭജിക്കപ്പെട്ടു, ഉള്ളവരും ഇല്ലാത്തവരും. അതോടുകൂടി വർഗ്ഗസമരവുമാരംഭിച്ചു. വ്യത്യസ്തതാൽപര്യങ്ങളോടുകൂടിയ വ്യത്യസ്ത വർഗ്ഗങ്ങൾ ഉണ്ടായതോടൊപ്പം വർഗ്ഗസംഘടനകളും ആരംഭിച്ചിട്ടുണ്ട്. സംസ്കാരത്തിന്റെയും പുരോഗതിയുടെയും ചരിത്രം മുഴുവനും വർഗ്ഗസംഘടനകളുടെ ചരിത്രം മാത്രമാണ്. നിലം മുതലായവയെ സ്വകാര്യസ്വത്താക്കി വെയ്ക്കുന്ന ഭരണാധികാരിവർഗ്ഗം തങ്ങളുടെ അധികാരങ്ങളെ , സ്ഥാപിതതാൽപര്യങ്ങളെ, സുരക്ഷിതമാക്കി നിലനിർത്തുവാൻ വേണ്ടി ഒരു ഭരണകൂടം സ്ഥാപിക്കുന്നു. ഭരണാധികാരിയായ രാജാവിന്റെ സ്വേഛാധികാരത്തെ ചോദ്യം ചെയ്യുവാൻ ആർക്കും അധികാരമില്ല. എന്തെന്നാൽ അദ്ദേഹത്തിന്റെ അധികാരം ഈശ്വരദത്തമാണ്! മതം, തത്വജ്ഞാനം, നിയമം, സദാചാരം — എല്ലാത്തിന്റെയും ഉദ്ദേശ്യം സ്ഥാപിതമായ സമുദായഘടനയെ കാത്തു രക്ഷിക്കുക എന്നതായിത്തീർന്നു.

## 11 അടിമത്ത സമ്പ്രദായം

പ്രത്യേകമായ സമുദായഘടന ഒരു പ്രത്യേക ഉൽപാദന രീതിയെ ആശ്രയിച്ചാണിരിക്കുന്നതു്. അതുകൊണ്ടു് ഒരു പുതിയ ഉൽപാദനരീതി സംജാതമാകുമ്പോൾ നിലവിലുള്ള സമുദായ ഘടനയുടെ രൂപത്തിന്നു് മാറ്റമുണ്ടാകാതിരിക്കുകയില്ല. പക്ഷേ, അന്ധന്മാരായ ഭരണാധികാരികൾ ഈ വാസ്തവം വകവെച്ചുകൊടുക്കില്ല. പുരോഗതിയെ എല്ലാ വിധത്തിലും തടഞ്ഞുനിർത്തുവാൻ അവർ പരിശ്രമിച്ചു നോക്കും. ഭരണീയരുടെ പ്രക്ഷോഭങ്ങളെ തച്ചൊതുക്കുവാൻ അവർ പരിശ്രമിച്ചു നോക്കും. ഒടുവിൽ എല്ലാ എതിർശക്തികളോടും മല്ലിട്ടുകൊണ്ടു മുന്നോട്ടു പോകുന്ന സമുദായത്തിന്റെ വികാസ നിയമത്തിന്നു മുമ്പിൽ തല കുനിയ്ക്കാതിരിക്കുവാൻ അവർക്കു് നിവൃത്തിയില്ലെന്നാകും. തല കുനിയ്ക്കുവാനൊരുക്കമില്ലാത്ത ഭരണാധികാര ശക്തിയെ ഛിന്നഭിന്നമാക്കിക്കൊണ്ടാണു് സമുദായം മുന്നോട്ടു് പോകുന്നതു്. ഉൽപാദന രീതിയുടെ അഭിവൃദ്ധി മനുഷ്യന്റെ പ്രയത്നശക്തിയെ നിലനിർത്തുവാൻ ആവശ്യമുള്ളതിലും അധികമായിത്തീർന്നതോടുകൂടി പ്രയത്നശക്തിയുടെ ആവശ്യവും വർദ്ധിച്ചു. സമുദായവികാസം ഈ ഘട്ടത്തിലെത്തിയപ്പോഴാണു് അടിമത്ത സമ്പ്രദായം ആവിർഭവിക്കുന്നതു്. ജീവിക്കുവാൻ വേണ്ടതുമാത്രം പ്രതിഫലമായി കൊടുത്തു് മറ്റുള്ളവരുടെ പ്രയത്ന ശക്തിയെ ചൂഷണം ചെയ്യുന്ന സമ്പ്രദായമാണു് അടിമത്ത സമ്പ്രദായം. ശക്തരും അശക്തരും തമ്മിലുള്ള യുദ്ധങ്ങളുടെ ആരംഭമാണിതു്. യുദ്ധത്തിൽ തോൽവിയടയുന്ന ശത്രുക്കളെ അടിമകളാക്കിപ്പിടിച്ചു അവരെക്കൊണ്ടു് ആവശ്യമുള്ള അധികപ്രയത്നം ചെയ്യിപ്പിക്കുവാൻ തുടങ്ങി. ഇങ്ങിനെ സമുദായത്തിന്നുള്ളിൽ രണ്ടു പ്രത്യക്ഷവർഗങ്ങളുത്ഭവിച്ചു — യജമാനനും അടിമയും — മർദ്ദകനും മർദ്ദിതനും. വ്യത്യസ്തങ്ങളായ പരിസ്ഥിതികളനുസരിച്ചു വ്യത്യസ്ത രാജ്യങ്ങളിലെ അടിമത്ത സമ്പ്രദായങ്ങൾക്കു് വിഭിന്ന രൂപങ്ങളുണ്ടായിക്കൂടെന്നില്ല. ഉദാഹരണത്തിന്നു പടിഞ്ഞാറൻ ഏഷ്യയിലേയും മധ്യധരണ്യാഴി പ്രദേശങ്ങളിലേയും രാജ്യങ്ങളുടേതുപോലെ സുവ്യക്തമായിരുന്നില്ല ഇന്ത്യയിലെ അടിമത്ത സമ്പ്രദായം. എന്നാൽ പഴയ ജാതിമേധാവിത്വത്തിൽ — വർണ്ണാശ്രമ വ്യവസ്ഥയിൽത്തന്നെ — അടിമത്തത്തിന്റേതായ എല്ലാ ദുർഗന്ധങ്ങളും നമുക്കു കാണാൻ സാധിക്കുന്നുണ്ടു്. ആര്യന്മാർ ദ്രാവിഡന്മാരെ തോൽപ്പിച്ചു അടിമകളാക്കിയ കഥ കുപ്രസിദ്ധമാണു്. ഇന്ത്യയുടെ ഇന്നത്തെ സമുദായ ഘടനയിൽപോലും അടിമത്തത്തിന്റെ അവശിഷ്ടങ്ങൾ നിലനിൽക്കുന്നുണ്ടെന്നു കാണും. മലബാറിലെ ചെറുമക്കളുടേയും പുലയരുടേയും ജീവിതം പരിശോധിച്ചു നോക്കുക. ദ്രാവിഡവർഗക്കാരുടെ അടിമത്തത്തിന്റെ നഗ്നവും പൈശാചികവുമായ അവശിഷ്ടമത്രേ അയിത്തം.

## 12 സംസ്കാരവും സാഹിത്യവും

സംസ്കാരത്തിന്റെ ജനയിത്രി എന്ന നിലയ്ക്ക് പ്രാചീന അടിമത്ത വ്യവസ്ഥയ്ക്കു തീർച്ചയായും ഒരു സ്ഥാനമുണ്ട്. മുഴുവൻ സമയവും ഭക്ഷണത്തിന് വേണ്ടി ദേഹപ്രയത്നം ചെയ്യുവാൻ നിർബന്ധിക്കുന്ന ഒരു സമുദായ വ്യവസ്ഥയിൽ, സംസ്കാരം, സാഹിത്യം മുതലായവ ജനിക്കുകയില്ല. അതുകൊണ്ടു അന്നത്തെ അടിമത്ത വ്യവസ്ഥ സംസ്കാരത്തിന്റെയും സാഹിത്യത്തിന്റേയും വളർച്ചയ്ക്കാവശ്യമായിരുന്നു. തങ്ങളുടെ ഭക്ഷണത്തിനുവേണ്ടിയുള്ള പ്രവൃത്തികൂടി മറ്റുള്ളവരെക്കൊണ്ടെടുപ്പിക്കുന്ന യജമാന വർഗമാണ് ആദ്യമായി സാഹിത്യം നിർമ്മിക്കുവാനൊരുങ്ങിയത്. എന്നാൽ അടിമത്ത സമ്പ്രദായത്തിന്റെ മറുവശം ഏറ്റവും ഹൃദയഹീനതയുടെ ഒരു ചിത്രമായിരുന്നു. മനുഷ്യന്റെ പ്രയത്നശക്തി വളരെയധികം ദുരുപയോഗപ്പെട്ടുപോയി. സാധാരണക്കാർക്ക് അത്യാവശ്യമായ ജീവിതോപകരണങ്ങൾക്കുപകരം യാതൊരുപയോഗവുമില്ലാത്ത ശിലാസ്തംഭങ്ങളും മറ്റ് സുഖഭോഗസ്മാരകങ്ങളും നിർമ്മിക്കുവാൻവേണ്ടി വളരെയധികം പ്രയത്നശക്തി ബലാൽക്കാരമായി ദുരുപയോഗം ചെയ്യപ്പെട്ടു. യാതൊരു ലജ്ജയുമില്ലാതെ തലയുയർത്തിപ്പിടിച്ചുകൊണ്ട് സംസ്കാരത്തിന്റെ നേരെ കൊഞ്ഞനം കാട്ടുന്ന ആ നിരുപയോഗങ്ങളായ ഉന്നത സൗധങ്ങൾ അന്നത്തെ അടിമകളുടെ കഷ്ടപ്പാടുകളേയും മർദ്ദനങ്ങളേയും ഉച്ചൈസ്തരം വിളിച്ചു പറയുന്നുണ്ട്. അവരുടെ ഓരോ കല്ലിലും ഓരോ സ്തംഭത്തിലും മർദ്ദിത വർഗക്കാരായ അടിമകളുടെ കണ്ണീർകണങ്ങളും ദീർഘനിശ്വാസങ്ങളും ഒളിഞ്ഞു കിടക്കുന്നുണ്ടെന്നുകാണാം. സമുദായത്തിന് ഉപയോഗകരങ്ങളായ സാധനങ്ങൾ നിർമ്മിക്കാതെ, കൃഷി പ്രവൃത്തിപോലും ചുരുക്കിയിട്ടാണ് ഈ സുഖഭോഗക്കോട്ടകൾ നിർമ്മിക്കപ്പെട്ടത്. അതിന്റെ അനിവാര്യഫലമായി സമുദായത്തിന്റെ സാമ്പത്തിക വ്യവസ്ഥയ്ക്കു വലിയൊരുടവുതട്ടി. സമുദായത്തിൽ വല്ലാത്തൊരു കുഴപ്പം നേരിട്ടു. വർഗസംഘട്ടനങ്ങൾ വർദ്ധിച്ചു. അങ്ങിനെ അടിമത്ത സമ്പ്രദായത്തിന്മേൽ കെട്ടിപ്പടുത്ത ഉൽപാദനരീതി ഛിന്നഭിന്നമാവാൻ തുടങ്ങി.

# 13 അടിമത്തവ്യവസ്ഥ തകരുന്നു

ബാബിലോണിയ, അസീറിയ, ഈജിപ്ത് എന്നീ രാജ്യങ്ങളിലെന്നപോലെ ഇന്ത്യയിലെ അടിമത്ത വ്യവസ്ഥ പൊട്ടിത്തകർന്നത് അത്ര സുവ്യക്തമായിരുന്നില്ല. പക്ഷേ, ബുദ്ധമത വിപ്ലവം അടിമത്തം പുലർത്തിക്കൊണ്ടുവന്ന പഴയ ബ്രാഹ്മണ മേധാവിത്വത്തിന്റെ അടിപുഴക്കി എന്ന കാര്യത്തിൽ സംശയമില്ല. ഏതാനും നൂറ്റാണ്ടുകൾക്കുശേഷം ബ്രാഹ്മണ മേധാവിത്വം വീണ്ടും തലയുയർത്തിപ്പിടിച്ചുവെന്നതു വാസ്തവം തന്നെ. പക്ഷേ, ഉയിർത്തെഴുന്നേറ്റ ബ്രാഹ്മണമേധാവിത്വത്തിന് അതിന്റെ പഴയ ധാടികളൊന്നും നിലനിർത്താൻ സാധിച്ചില്ല. പഴയപടി രാജവാഴ്ചയെ പുനഃസ്ഥാപിക്കുക എന്നത് അസാദ്ധ്യമായിത്തീർന്നു. പുതുതായുണ്ടായിതീർന്ന ഹിന്ദുരാജാക്കന്മാർ “ഫ്യൂഡലിസ്റ്റ്” മേധാവികളുടെ ആദ്യരൂപങ്ങൾ മാത്രമായിരുന്നു.

## 14 പ്രഭുക്കന്മാരും ‘സെർഫുകളും’

അവ്യവസ്ഥയും കുഴപ്പവും പരക്കുന്നതുകണ്ടപ്പോൾ ജനങ്ങൾക്കു തങ്ങളുടെ സ്ഥിതി സുരക്ഷിതമാക്കിവെക്കുവാൻവേണ്ടി യുദ്ധകലയിൽ മിടുക്കും പ്രാപ്തിയുമുള്ള തലവന്മാരുടെ അധീനത സ്വീകരിക്കുവാൻ തയ്യാറായി. ഈ തലവന്മാർ കയ്യൂക്കുകൊണ്ടും മറ്റുപല ഉപയോങ്ങൾക്കൊണ്ടും ജനസാമാന്യങ്ങളുടെ രാജാക്കന്മാരുമായിത്തീർന്നു. രാജാക്കന്മാരുടേയും പ്രഭുക്കന്മാരുടേയും ഭരണാധികാരത്തിൻകീഴിൽ അനവധി ചെറുരാജ്യങ്ങളും എസ്റ്റേറ്റുകളും പൊന്തിവന്നു. സാമാന്യ ജനങ്ങൾ ‘പ്രഭുക്കന്മാരുടെ’ നിലങ്ങളിൽ കൃഷി ചെയ്തുവന്നു. അവരുടെ പ്രയത്നഫലം അനുഭവിക്കാൻ നിലത്തിന്റെ ‘ഉടമസ്ഥന്മാരായ’ പ്രഭുക്കന്മാർക്കാണവകാശം. നിലത്തിന്മേലുള്ള സ്വകാര്യ സ്വത്ത് ഉടമസ്ഥതയാണ് ഫ്യൂഡൽ സമ്പ്രദായ പ്രകാരമുള്ള ഉൽപ്പാദനത്തിന്റെ അടിസ്ഥാനം. ഈ പുതിയ സമുദായഘടനയിൽ മർദ്ദനവും ചൂഷണവും അവസാനിക്കുകയുണ്ടായില്ല. പഴയ മർദ്ദിതന്മാർ അടിമകളായിരുന്നുവെങ്കിൽ പുതിയ മർദ്ദിതന്മാർ ‘സർഫുകൾ’ എന്ന പേരിലാണറിയപ്പെട്ടത്. ഇതുമാത്രമേ വ്യത്യാസമുണ്ടായിരുന്നുള്ളൂ.

## 15 പട്ടണവും എസ്റ്റേറ്റും തമ്മിൽ ലഹള

പടിഞ്ഞാറൻ യൂറോപ്പിൽ ഈ ഫ്യൂഡൽ വ്യവസ്ഥയുൽഭവിച്ചത് ക്രിസ്ത്വാബ്ദം 400-ാമാണ്ടിന്നുശേഷമാണ്. മദ്ധ്യധരണ്യാഴി പ്രദേശങ്ങളും കിഴക്കൻകച്ചവടകേന്ദ്രമായിരുന്ന ബൈസാൻടിയയും തമ്മിൽ അക്കാലത്ത് ധാരാളം വ്യാപാരം നടന്നിരുന്നു. ഉപ്പ്, കുരുമുളക്, വാസനദ്രവ്യങ്ങൾ മുതലായവ നാട്ടുവാഴി പ്രഭുക്കന്മാർക്കാവശ്യമായിരുന്നു. അതായിരുന്നു മറുനാടുകളുമായുള്ള കച്ചവടത്തിന്റെ അടിസ്ഥാനം. ക്രി. 900-ാമാണ്ടിന്നുശേഷം അടിമകളായ കൃഷിക്കാരെ ചൂഷണം ചെയ്തുകിട്ടിയ സ്വത്തു വർദ്ധിച്ചപ്പോൾ ബാക്കിയുള്ള വിളവെല്ലാം സൂക്ഷിച്ചുവെയ്ക്കാൻ എളുപ്പത്തിന്നുവേണ്ടി പണമാക്കി മാറ്റേണ്ടതായും വന്നു. അങ്ങിനെ നാട്ടുവാഴി പ്രഭുക്കന്മാർതന്നെ കച്ചവട ശാലകളേയും യന്ത്രശാലകളേയും പ്രോത്സാഹിപ്പിക്കാനൊരുങ്ങി. ക്രമത്തിൽ ക്രമത്തിൽ വ്യാപാര പ്രധാനങ്ങളായ പട്ടണങ്ങൾ വികസിച്ചുവരുവാൻ തുടങ്ങി. വ്യാപാര വ്യവസായങ്ങളിൽ അധികമധികം ആളുകൾ ഏർപ്പെട്ടുവാൻ തുടങ്ങി. അപ്പോൾ സ്വാഭാവികമായി പട്ടണവും എസ്റ്റേറ്റും തമ്മിൽ ഒരു ലഹളയാരംഭിച്ചു. ധാരാളം കച്ചവടക്കാരുണ്ടാവുകയും അവർ തമ്മിൽത്തമ്മിൽ മത്സരിക്കുകയും ചെയ്താൽ നാട്ടുവാഴി പ്രഭുക്കൾക്കു തങ്ങൾക്കാവശ്യമായ സാധനങ്ങൾ ലാഭത്തിൽ വാങ്ങാൻ സാധിക്കും. എന്നാൽ സാമാന്യ ജനങ്ങളെ അധഃപതിപ്പിക്കുന്നതുകൊണ്ട്, കൃഷിക്കാരെ ചൂഷണം ചെയ്ത് അവരിൽ നിന്ന് കഴിയുന്നേടത്തോളം ധനം പിഴിഞ്ഞെടുക്കുന്നതുകൊണ്ട് കച്ചവടത്തിന്നുവേണ്ടത്ര വികസിക്കാൻ സാധിക്കുന്നില്ല. ഭക്ഷണ സാമഗ്രികൾ ഉൾനാടുകളിൽ നിന്ന് ഏറ്റവും ചുരുങ്ങിയ വിലയ്ക്കു കിട്ടുകയും തങ്ങളുണ്ടാക്കുന്ന കച്ചവട സാധനങ്ങൾ ഏറ്റവും കവിഞ്ഞ വിലയ്ക്കു വിൽക്കാൻ സാധിക്കുകയുമായിരുന്നു കച്ചവടക്കാരുടെ ഉദ്ദേശ്യം. കച്ചവടക്കാരനും നാട്ടുവാഴി പ്രഭുവും തമ്മിലുള്ള ഈ പരസ്പരവിരുദ്ധതയെ വ്യവസായ വിപ്ലവം എന്തെന്നില്ലാതെ വർദ്ധിപ്പിച്ചു. ഒടുവിൽ പഴയ സമുദായ ഘടനയിൽ പുതിയ വ്യവസായാഭിവൃദ്ധി ഒതുങ്ങില്ലെന്നായി. മർദ്ദിതരായ കൃഷിക്കാർക്കു സ്വാഭാവികമായി പട്ടണങ്ങളിലേയ്ക്കൊരാകർഷണം തോന്നി. പക്ഷേ, അവരെ പുറത്തേക്കുവിടാതെ തങ്ങളുടെ കയ്പ്പിടിക്കുള്ളിൽത്തന്നെ വെച്ചുകൊണ്ടിരിക്കാനാണ് പ്രഭുക്കന്മാർ ആഗ്രഹിച്ചത്. അതിന്റെ ഫലമായി അനേകം കർഷക ലഹളകളുണ്ടായി. മർദ്ദിതനായ കൃഷിക്കാരനും അഭിവൃദ്ധിയിലേക്കു പോകുന്ന കച്ചവടക്കാരനും തമ്മിൽ യോജിച്ചുകൊണ്ട് നാട്ടുവാഴി പ്രഭുവിന്റെ നേരെ യുദ്ധപ്രഖ്യാപനം ചെയ്തു. ഒരു വലിയ വിപ്ലവമുണ്ടായി. നാട്ടുവാഴി പ്രഭുത്വം തോറ്റു. മുതലാളിത്തത്തിന്റെ വികാസത്തെ തടുത്തുനിർത്തിയിരുന്ന എല്ലാ പിന്തിരിപ്പൻ ശക്തികളും ക്ഷയിച്ചു. മുതലാളിത്തം വിജയാഘോഷം മുഴക്കി.

## 16 മുതലാളിത്തത്തിന്റെ അടിസ്ഥാനം

ഭൂമി, ഖനി, ഫാക്ടറി മുതലായ ഉൽപാദന സാമഗ്രികളെല്ലാം വ്യക്തികളുടെ സ്വകാര്യസ്വത്തായിരിക്കുകയും അവയിൽ പ്രവൃത്തിയെടുക്കുന്ന ഭൂരിപക്ഷക്കാരുടെ പ്രയത്നശക്തിയെ ഏറ്റവും ചുരുങ്ങിയ വിലയ്ക്കു വാങ്ങാൻ സാധിക്കുകയും ചെയ്യുന്ന സാമ്പത്തിക വ്യവസ്ഥയാണ് മുതലാളിത്തം. ലാഭമുണ്ടാക്കുക, പിന്നേയും ലാഭമുണ്ടാക്കുക, ഇനിയും ലാഭമുണ്ടാക്കുക — ഈ ഒരൊറ്റ ആദർശത്തിന്മേലാണ് മുതലാളിത്തം തിരിഞ്ഞുകൊണ്ടിരിക്കുന്നത്. ലാഭമുണ്ടാക്കാനുപകരിക്കാത്ത ഉൽപാദനങ്ങൾക്ക് മുതലാളിത്ത വ്യവസ്ഥയിൽ സ്ഥാനമില്ല. ലാഭമുണ്ടാക്കാൻ ഉതകുന്ന സാധനങ്ങൾ മാത്രമേ മുതലാളിത്ത വ്യവസ്ഥ നിർമ്മിക്കുകയുള്ളൂ. ഏതെങ്കിലുമൊരു സാധനം നിർമ്മിക്കണമൊ വേണ്ടയൊ, വേണമെങ്കിൽ എത്ര നിർമ്മിക്കണം എന്നെല്ലാം നിജപ്പെടുത്തുന്നത് ആ സാധനത്തിൽ നിന്ന് എത്രത്തോളം ലാഭമുണ്ടാക്കാൻ സാധിക്കുമെന്ന് നോക്കിയിട്ടാണ്. ലാഭമുണ്ടാക്കണമെങ്കിൽ മറ്റുള്ളവർ സാധനം വാങ്ങണം. അപ്പോൾ വാങ്ങുന്നവരുടെ പ്രചോദനം (Demand) അനുസരിച്ചായിരിക്കണം ഉൽപാദനം. അതുകൊണ്ടു മുതലാളിത്ത വ്യവസ്ഥ പ്രചോദനം അധികമുള്ള സാധനങ്ങൾ കൂടുതൽ കൂടുതൽ നിർമ്മിക്കുകയും പ്രചോദനം കുറയുന്ന സാധനങ്ങൾ കഴിയുന്നേടത്തോളം കുറച്ചുമാത്രം നിർമ്മിക്കുകയും ചെയ്യുന്നു. ജനങ്ങൾക്ക് അധികം ആവശ്യമുള്ള സാധനങ്ങളാണ് നിർമ്മിക്കുന്നത് എന്ന് ഒരു പക്ഷേ മുതലാളിത്ത വ്യവസ്ഥ അഭിമാനം കൊള്ളുന്നുണ്ടാവാം. ജനങ്ങളുടെ ആവശ്യങ്ങൾക്കനുസരിച്ച് (പ്രചോദനമനുസരിച്ച്) സാധന നിർമ്മാണം ചെയ്യുന്ന മറ്റൊരു സാമ്പത്തിക വ്യവസ്ഥയുണ്ടാവാൻ വഴിയില്ലെന്നുകൂടി അത് വാദിക്കുന്നുണ്ടാവാം. പക്ഷേ, വാസ്തവം അതാണൊ? ജനങ്ങളുടെ ആവശ്യത്തിനനുസരിച്ചാണോ മുതലാളിത്ത വ്യവസ്ഥ സാധന നിർമ്മാണം ചെയ്യുന്നത്? എന്നു വെച്ചാൽ ഭൂരിപക്ഷക്കാരായ ജനസാമാന്യങ്ങൾക്കാവശ്യമായ, അത്യാവശ്യമായ, ഭക്ഷണം, വസ്ത്രം മുതലായവയാണൊ മുതലാളിത്ത വ്യവസ്ഥ അധികമായി ഉൽപ്പാദിപ്പിക്കുന്നത്? ഒരിക്കലുമല്ല. ലാഭമുണ്ടാക്കാൻ സാധിക്കുന്ന സാധനങ്ങൾക്കെ മുതലാളിത്ത വ്യവസ്ഥയിൽ സ്ഥാനമുള്ളൂ. ജനങ്ങൾക്കാവശ്യമായ വസ്ത്രം, ഭക്ഷണം മുതലായവയുണ്ടാക്കുകയാണെങ്കിൽ അതെല്ലാം വാങ്ങുവാൻ ആളുകൾ വേണ്ടെ? ജീവിതത്തിനെ ഒരു വിധം 'ഉന്തിത്തള്ളുവാൻ' മാത്രമുള്ള കൂലി ലഭിക്കുന്ന തൊഴിലാളികൾക്ക് — മുതലാളിത്തത്തിന്റെ ചവിട്ടുകളേറ്റ് പാപ്പരായിത്തീർന്ന ഇടത്തരക്കാർക്ക് — അതെല്ലാം വാങ്ങത്തക്ക പണമെവിടെ? അവർ വാങ്ങിയില്ലെങ്കിൽ എങ്ങിനെയാണ് പണമുണ്ടാക്കുക? അപ്പോൾ എല്ലാ ജനങ്ങളുടേയും ആവശ്യം നോക്കിയല്ല പണക്കാരുടെ മടിശ്ശീല നോക്കിയാണ് മുതലാളിത്ത വ്യവസ്ഥ ഉൽപാദനം ചെയ്യുന്നത്. ഉൽപ്പാദന ശക്തിയുടെ എന്തൊരു ദുർവ്യയമാണിത്! പ്രയത്നശക്തിയുടെ എന്തൊരു ദുരുപയോഗമാണിത്!!

# 17 മുതലാളിത്തത്തിന്റെ അനന്തരഫലം

മുതലാളിത്ത വ്യവസ്ഥയിൽ മനുഷ്യന്റെ പ്രയത്ന ശക്തി മുഴുവൻ ഉപയോഗിക്കാൻ നിവൃത്തിയില്ലെന്ന് വരുന്നു. അതിന്റെ ഫലമായി തൊഴിലില്ലായ്മ വർദ്ധിക്കുന്നു. പണിയില്ലാതെ വെറുതെ കിടക്കുന്ന യന്ത്രങ്ങളുടെ മുമ്പിൽ ലക്ഷക്കണക്കിലുള്ള മനുഷ്യ പ്രാണികൾ പട്ടിണി കിടക്കുന്നു. വിറ്റഴിയാത്ത സാധനങ്ങൾ നിർദ്ദയം നശിപ്പിക്കപ്പെടുന്നു. വർദ്ധിച്ച ഉൽപാദന ശക്തികളെ ദുരുപയോഗം ചെയ്യുകയും പ്രവൃത്തിയെടുക്കുവാൻ കെൽപുള്ള കൈകളെ നിർജ്ജീവങ്ങളാക്കിത്തീർക്കുകയും, ഉത്സാഹികളും ബുദ്ധിശാലികളുമായ ജനങ്ങളെ തൊഴിലില്ലാത്തവരാക്കി പിച്ചയെടുപ്പിക്കുകയും ചെയ്യുന്ന ഈ ദുഷിച്ച സാമ്പത്തിക വ്യവസ്ഥ എല്ലാ വളർച്ചയേയും തടുത്ത് നിർത്തുന്നു. അപ്പോൾ മുതലാളിത്ത വ്യവസ്ഥയുടെ നാശം ചരിത്രത്തിന്റെ ഒഴിച്ചുകൂടാൻ വയ്യാത്ത ഒരാവശ്യമായിത്തീരുന്നു.

## 18 തൊഴിലാളി — ഒരു പുതിയ ശക്തി

മുതലാളിത്തത്തിന്റെ ജനനത്തോടൊപ്പം പുരോഗതിയിലേയ്ക്ക് കുതിക്കുന്ന മറ്റൊരു ശക്തിയും ജനിച്ചിട്ടുണ്ട് — തൊഴിലാളി, ജനനം മുതൽക്കുതന്നെ മുതലാളിയും തൊഴിലാളിയും തമ്മിൽ സംഘട്ടനങ്ങളാരംഭിക്കുന്നു. ഉൽപ്പാദിപ്പിക്കുവാൻ സമുദായം, അനുഭവിക്കുവാൻ വ്യക്തികൾ — ഈ പരസ്പര വൈരുദ്ധ്യം മുതലാളിയും തൊഴിലാളിയും തമ്മിലുള്ള സംഘട്ടനങ്ങൾക്ക് മൂർച്ച കൂട്ടുന്നു. ഒടുവിൽ തൊഴിലാളിവർഗ്ഗം അധഃപതനത്തിലാണ്ട് മറ്റെല്ലാ വർഗ്ഗക്കാരുടേയും സഹായത്തോടുകൂടി മുതലാളിത്ത വ്യവസ്ഥയെ തകിടം മറിക്കുകയും, മുതലാളിത്തത്തിന്റെ അധികാര ശക്തിയെ പിടിച്ചുപറ്റുകയും ഉൽപാദനത്തെയെന്നപോലെത്തന്നെ വിതരണത്തേയും പൊതുവുടമയിൽ കീഴിലാക്കി സ്വകാര്യ സ്വത്തില്ലാത്ത വർഗ്ഗവ്യത്യാസമില്ലാത്ത ഒരു നവ്യമായ സമുദായ ഘടനയുണ്ടാക്കാൻ ആരംഭിക്കുകയും ചെയ്യുന്നു.

## 19 മുതലാളിത്തം ഇന്ത്യയിൽ

ഇന്ത്യയിൽ ഫ്യൂഡലിസത്തിന്റെ സ്വേച്ഛാപ്രഭുത്വത്തെ നശിപ്പിച്ചത് ദേശീയമായ മുതലാളിത്തമല്ല, നേരെമറിച്ച്, വിദേശീയ ശക്തികളാണ്. യൂറോപ്യൻ കച്ചവടക്കാരൻ വന്നതിനു മുമ്പുതന്നെ ഇവിടെ മുതലാളിത്തപരമായ ഉൽപാദനത്തിന്റെ ആരംഭഘട്ടം ആവിർഭവിച്ചിട്ടുണ്ടായിരുന്നു. കൈവേലകൾ ഗ്രാമങ്ങളിൽ പരിമിതമായിക്കിടക്കുക എന്ന നിലവിട്ട് പട്ടണങ്ങളിൽ കേന്ദ്രീകരിക്കുവാൻ തുടങ്ങിയിരിക്കുന്നു. വിനിമയം വളർന്നു വരുന്നുണ്ടായിരുന്നു. അഭിവൃദ്ധിപ്പെട്ടുവന്ന കച്ചവടക്കാർ സമുദായത്തിലെ ഒരു പ്രധാന ശക്തിയായിക്കഴിഞ്ഞിരുന്നു. വിദേശീയ മുതലാളിയുടെ ആഗമനം ഇന്ത്യൻ സമുദായത്തിന്റെ സുഖകരമായ വികാസത്തിന് തടസ്സമായിത്തീർന്നു. ഇന്ത്യൻ മുതലാളിത്തത്തിന്റെ സ്വതന്ത്രമായ വളർച്ച തടയപ്പെട്ടു. ഏതായാലും ക്ഷയോന്മുഖമായ ഇന്ത്യൻ നാട്ടുവാഴി പ്രഭുത്വത്തിന്റെ സ്വേച്ഛാധികാരശക്തിയെ തകിടം മറിക്കുവാൻ വിദേശ ശക്തികൾ മടിച്ചില്ല. 1857 ലെ സിപ്പായി ലഹള വാസ്തവത്തിൽ, മരണശയ്യയിൽക്കിടക്കുന്ന ഇന്ത്യൻ നാട്ടുവാഴി പ്രഭുത്വത്തിന്റെ സ്വാതന്ത്ര്യത്തിനുള്ള അവസാന സമരമായിരുന്നു. വിദേശ ശക്തികളേർപ്പെടുത്തിയ പുതിയ ഭരണകൂടം മുതലാളിത്തപരമായ ചൂഷണത്തെ അടിസ്ഥാനപ്പെടുത്തിയിട്ടുള്ളതായിരുന്നു. എന്നാൽ തങ്ങളുടെ ശക്തിയെ ഉറപ്പിക്കുവാൻ വേണ്ടി ബ്രിട്ടീഷ് ഭരണാധികാരികൾ ആദ്യം തന്നെ ഫ്യൂഡലിസ്റ്റ് ശക്തികളുടെ അവശിഷ്ടങ്ങളിൽ നിന്ന് നികുതി പിരിക്കുക മുതലായ ചില അധികാരങ്ങളോടുകൂടിയ ഒരു പുതിയ ജന്മിസമ്പ്രദായം സൃഷ്ടിച്ചു. ഇങ്ങിനെ നാശോന്മുഖമായ ഫ്യൂഡലിസ്റ്റ് ശക്തികളുടെ കൂട്ടുപിടിച്ചുകൊണ്ടാണ് വിദേശീയ മുതലാളിത്തം ഇന്ത്യയിൽ നിലനിൽക്കുന്നത്.

ഇന്ത്യൻ ജനസാമാന്യത്തിന്റെ മുഴുവൻ ഉൽപാദനങ്ങളും എത്രതന്നെ അപരിഷ്കൃതമായ സ്ഥിതിയിലാണെങ്കിൽകൂടി, വിനിമയത്തിന്ന് വേണ്ടിയാണ് ഉപയോഗിക്കപ്പെടുന്നത്. വിദേശീയ ശക്തികളുടെ ആഗമനത്തിന് മുമ്പ് അവ ദേശീയമാർക്കറ്റുകളിൽ മാത്രമെ ഉണ്ടായിരുന്നുള്ളു. എന്നാൽ ഇന്നവയ്ക്ക് മത്സരിച്ചുകൊണ്ടിരിക്കുന്ന ലോകമാർക്കറ്റിലും സ്ഥാനമുണ്ട്. അതുകൊണ്ടവ മുതലാളിത്ത വ്യവസ്ഥയെ അടിസ്ഥാനപ്പെടുത്തിയ ഉൽപാദനങ്ങളാണ്. പക്ഷേ, വളർച്ചയില്ലാത്ത മുതലാളിത്ത വ്യവസ്ഥയിലുള്ള വ്യാപാരം ഉൽപാദകന്മാരെ അധികമധികം ദരിദ്രന്മാരാക്കിത്തീർക്കുന്നു. ഈ സ്ഥിതി ഒരേസമയത്ത് കാർഷികോൽപാദനങ്ങളുടെ നവീകരണത്തേയും വ്യവസായങ്ങളുടെ വികാസത്തേയും തടസ്സപ്പെടുത്തുന്നു. ഫ്യൂഡലിസ്റ്റ് ശക്തികളുടെ പിൻബലത്തോടുകൂടി ഇന്ത്യൻ മുതലാളിത്തത്തിന്റെ സ്വതന്ത്രമായ വളർച്ചയെ ഇന്ന് ബ്രിട്ടീഷ് സാമ്രാജ്യശക്തി തടഞ്ഞു നിർത്തുന്നുണ്ട്. സാമ്രാജ്യാധികാരത്തേയും മർദ്ദകവർഗക്കാരായ ഫ്യൂഡലിസ്റ്റ് ശക്തികളേയും ഒരേസമയത്ത് മാത്രമെ നശിപ്പിക്കാൻ കഴിയുകയുള്ളു. അപ്പോഴും ദേശീയമായ മുതലാളിത്തത്തിന് സ്വതന്ത്രമായി വളരുവാൻ സാധിച്ചു എന്നുവരില്ല. എന്തുകൊണ്ടെന്നാൽ, കോളണികളിൽ സാമ്രാജ്യാധികാരത്തോടെതിരിടുന്ന ശക്തികളുടെ മുന്നണിയിൽ നിൽക്കുന്നത് തൊഴിലാളിവർഗമായിരിക്കും. തൊഴിലാളി വർഗം ദേശീയ സ്വാതന്ത്ര്യ സമരത്തിൽ ചെലുത്തുന്ന സ്വാധീന ശക്തി കൊളോണിയൽ ജനതയ്ക്ക് സോഷ്യലിസത്തിലേയ്ക്കുള്ള വഴി കാട്ടിയായിരിക്കും.

ഈ സ്ഥിതിക്ക് രണ്ടു വിപ്ലവങ്ങളുണ്ടാകാനിടയുണ്ട്. മുതലാളിത്ത വിപ്ലവം മുഴുമിക്കുന്നതിന് മുമ്പായിട്ടുതന്നെ തൊഴിലാളി വിപ്ലവത്തിന്നുള്ള ഒരുക്കങ്ങൾ തുടങ്ങിയിരിക്കുന്നു. അതുകൊണ്ട് പൂർണ സ്വാതന്ത്ര്യ സമരം സോഷ്യലിസ്റ്റ് വിപ്ലവത്തിന്റെ നാന്ദിമാത്രമായിരിക്കും. □

(1937, മാതൃഭൂമി ആഴ്ചപ്പതിപ്പ്, 1123 തുലാം, വിജയ പ്രിൻറിംഗ് ആൻറ് പബ്ലിഷിംഗ്, ഇരിഞ്ഞാലക്കുട)

## കെ. ദാമോദരൻ



കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ കേരളത്തിലെ സ്ഥാപകനേതാക്കളിൽ ഒരാളും മാർക്സിസ്റ്റ് സൈദ്ധാന്തികനും എഴുത്തുകാരനുമായിരുന്നു കെ. ദാമോദരൻ (ഫെബ്രുവരി 25, 1904–ജൂലൈ 3, 1976). മലപ്പുറം ജില്ലയിലെ തിരൂർ വില്ലേജിൽ പൊറ്റൂർ ദേശത്ത് കീഴേടത്ത് എന്ന സമ്പന്ന നായർ കുടുംബത്തിൽ കിഴക്കിനിയേടത്ത് തുപ്പൻ നമ്പൂതിരിയുടേയും കീഴേടത്ത് നാരായണി അമ്മയുടേയും മകനായാണ് ദാമോദരൻ ജനിച്ചത്. കേരള മാർക്സ് എന്നാണ് അദ്ദേഹം വിശേഷിപ്പിക്കപ്പെട്ടിരുന്നത്. ‘പാട്ടബാക്കി’ എന്ന നാടകരചനയിലൂടെയും അദ്ദേഹം പ്രശസ്തനായി. കോഴിക്കോട് സാമൂതിരി കോളേജിൽ വിദ്യാർത്ഥിയായിരിക്കുമ്പോൾ തന്നെ ദേശീയപ്രസ്ഥാനങ്ങളോട് ആകർഷിക്കപ്പെട്ടു. നിയമലംഘന പ്രസ്ഥാനത്തിൽ പങ്കെടുത്ത് അറസ്റ്റ് വരിച്ചു.

കാശിവിദ്യാപീഠത്തിലെ പഠനകാലഘട്ടം മാർക്സിസ്റ്റ് ആശയങ്ങളോട് താൽപര്യം വർദ്ധിപ്പിച്ചു. തികഞ്ഞ കമ്മ്യൂണിസ്റ്റുകാരനായാണ് കേരളത്തിൽ തിരിച്ചെത്തിയത്. പൊന്നാനി ബീഡിതൊഴിലാളി പണിമുടക്കിൽ പങ്കെടുത്ത് അറസ്റ്റ് വരിച്ചു. നവയുഗം വാരികയുടെ പത്രാധിപരായിരുന്നു. പാർട്ടി പിളർന്നപ്പോൾ സി. പി. ഐ.-യിൽ ഉറച്ചുനിന്നെങ്കിലും അവസാനകാലത്ത് പാർട്ടിയിൽ നിന്നും അകന്നു. ജവഹർലാൽ നെഹ്രു സർവ്വകലാശാലയിൽ ഇന്ത്യൻ കമ്മ്യൂണിസ്റ്റ് ചരിത്രം തയ്യാറാക്കാനുള്ള പഠനത്തിനിടെ 1976 ജൂലൈ 3-ന് അന്തരിച്ചു. പദ്മം ജീവിതപങ്കാളിയായിരുന്നു.

## പിൻകുറിപ്പ്

- സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകൾ വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളോ ആവശ്യമില്ല. ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.

### കെ ദാമോദരന്റെ സമ്പൂർണ്ണകൃതികൾ 3

### ഫോൺ പതിപ്പുകളുടെ കണ്ണികൾ


1. സാമൂഹ്യ പരിവർത്തനങ്ങൾ
2. രണ്ടു ലോകങ്ങൾ
3. വ്യക്തിയും പ്രസ്ഥാനവും
4. സ്ത്രീയും പുരുഷനും
5. ധാർമ്മിക മൂല്യങ്ങൾ
6. മാർക്സിസവും ഭൗതികവാദവും
7. മാർക്സിസവും മതവിശ്വാസവും
8. യേശുക്രിസ്തു മോസ്ക്കോവിൽതന്നെ
9. ക്രിസ്തുവിന്റെ ഭക്തനോ ശത്രുവോ?
10. പ്രാർത്ഥനയും സാന്മാർഗ്ഗികബോധവും
11. പള്ളിക്കൂടത്തിലെ പ്രാർത്ഥന
12. അടിമത്തവും ക്രിസ്ത്യാനികളും
13. മാർക്സ് മുതൽ സ്റ്റാലിൻ വരെ
14. ലെനിന്റെ സംഭാവനകൾ
15. ഒക്ടോബർ വിപ്ലവത്തിന്റെ നേതൃശക്തി
16. തത്വവും പ്രയോഗവും തമ്മിലുള്ള വിടവുനീക്കണം


### വെബ് പതിപ്പ് കണ്ണികൾ


1. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 1
2. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 2
3. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 3
4. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 4
5. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 5
6. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 6
7. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 7
8. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 8
9. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 9
10. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 10